"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിനു കീഴിൽ കാസർഗോഡ് ജില്ലയിൽ ആൺകുട്ടികൾക്കായി പ്രവർത്തിക്കുന്ന പോസ്റ്റ്മെട്രിക് ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണികൾക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.141/2025/SCSTD   തീയതി,തിരുവനന്തപുരം, 24-02-2025

---

പരാമർശം:-   പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 4/2/2025 ലെ SCDD/6131/2024-C3 (EDN C) നം കത്ത്

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പിനു കീഴിൽ കാസർഗോഡ് ജില്ലയിലെ പോസ്റ്റ്മെട്രിക് (ആൺ) ഹോസ്റ്റൽ കെട്ടിടം പൊട്ടിപ്പൊളിഞ്ഞ് അപകടാവസ്ഥയിലായതിനാൽ പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഹോസ്റ്റൽ സന്ദർശിച്ച് തയ്യാറാക്കിയ 25,00,000/- രൂപയുടെ എസ്റ്റിമേറ്റ് കാസർഗോഡ് ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന ലഭ്യമാക്കിയിട്ടുണ്ടെന്നും ഹോസ്റ്റൽ സൗകര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഹോസ്റ്റലിന്റെ സുഗമമായ പ്രവർത്തനത്തിനും കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തേണ്ടതുണ്ടെന്നും ആയതിലേയ്ക്ക് 25,00,000/-രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 4225-01-800-89(P) Works and Buildings (Schemes through Public Works Department) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്നും പരാമർശ പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി വികസന വകുപ്പിനു കീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന പോസ്റ്റ്മെട്രിക് (ആൺ) ഹോസ്റ്റൽ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി നടപ്പ് സാമ്പത്തിക വർഷത്തെ 4225-01-800-89(P) Works and Buildings (Schemes through Public Works Department) എന്ന ശീർഷകത്തിൽ നിന്നും 25,00,000/- (ഇരുപത്തിയഞ്ചു ലക്ഷം രൂപ മാത്രം) രൂപ ചെലവഴിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
G S SAGINA
അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ സെക്ടർ ),കേരളം, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
H Suni
Date: 24-02-2025 12:18:32
സെക്ഷൻ ഓഫീസർ